ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

അമ്പലപ്പുഴ മണ്ഡലത്തിൽ ആസ്തിവികസന പദ്ധതികൾ

162 (507) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം നാളിതുവരെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുള്ളത്; പ്രവൃത്തിയുടെ പേരും തുകയും സഹിതം വ്യക്തമാക്കാമോ ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളുടെ നിർദ്ദേശങ്ങളാണ് ധനകാര്യ വകുപ്പിൽനിന്നും അംഗീകാരത്തിനായി ബാക്കിയുള്ളത് ; ഈ നിർദ്ദേശങ്ങൾ ധനകാര്യവകുപ്പിൽ എന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് ധനകാര്യ വകുപ്പിൽനിന്നും അംഗീകാരം ലഭിക്കുന്നതിന് അനന്തമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് കാലതാമസംകൂടാതെ അംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം - I)*

(ബി) 2015 ജനുവരി മുതൽ ലഭിച്ച പ്രവൃത്തി നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.(അനുബന്ധം-II)*

(സി&ഡി) ധനാനുമതിക്കായി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ ധനാനുമതി നൽകുന്നതിന് കഴിയാത്ത സാഹചര്യം നിലവിൽ ഉണ്ടായിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ അനുമതി ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജനുവരി മുതൽ മാർച്ച് വരെയുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മാസങ്ങളിൽ കൂടുതലായി സമർപ്പിക്കപ്പെട്ടതും ആവശ്യമായ ജീവനക്കാരുടെ കുറവും ധനാനുമതി നൽകുന്നതിൽ ഒട്ടേറെ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തിക അനുവദിക്കൽ

163 (508) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിന് ആരോഗ്യവകുപ്പ് സമർപ്പിച്ച ശിപാർശ പരിഗണിക്കാമോ ?

ഉത്തരം

പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 65,36,658 രൂപയുടെ വാർഷിക സാമ്പത്തിക ബാധ്യത അധികമായി വരുന്നതിനാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഭരണവകുപ്പ് ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.

സാമ്പത്തിക വളർച്ചാനിരക്ക്

164 (509) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) 2012-ന് ശേഷം സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ ശരാശരിക്ക് മുകളിൽ ഉയർന്നതിന്റെ കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ;

(സി) സാമ്പത്തിക വളർച്ചാനിരക്കിൽ വർദ്ധിച്ചുവരുന്ന പൊതുകടം പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly